(സി&ഡി) നവീകരണം നടപ്പിലാക്കിയ സ്ഥാപനങ്ങളുടെ വിശദാംശം അനുബന്ധം 1 ആയി ചേർക്കുന്നു. *

പുതിയ പൊതുമേഖലാ സ്ഥാപനങ്ങൾ

149 (2179) ശ്രീ. എൻ. അനിരുദ്ധൻ :
ശ്രീ. ബാബു പോൾ :
ശ്രീ. പള്ളിപ്രം ബാലൻ :
ശ്രീ. പി. തിലോത്തമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസ്യായ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2011 ജനുവരി, ഫെബ്രുവരി മാസങ്ങളിലായി എത്ര പുതിയ പൊതുമേഖലാ സ്ഥാപനങ്ങൾ ആരംഭിച്ചു ; ഇനി എത്രയെണ്ണം ആരംഭിക്കാനുള്ള നടപടികൾ പൂർത്തിയാക്കിയിട്ടുണ്ടെന്നും അവ ഏതെല്ലാമെന്നും വെളിപ്പെടുത്തുമോ ;

(ബി) ഈ വ്യവസായങ്ങളുടെ മൊത്തം മുതൽമുടക്ക് എത്രയാണെന്ന് വെളിപ്പെടുത്തുമോ ;

(സി) ഇവയിലും അനുബന്ധങ്ങളിലുമായി എത്ര തൊഴിൽ അവസരങ്ങൾ ഉണ്ടാകുമെന്ന് വ്യക്തമാക്കുമോ ;

(ഡി) ഈ ഗവൺമെന്റിന്റെ കാലത്ത് പൊതുമേഖലാ സ്ഥാപനങ്ങളുടെ വിപുലീകരണ പദ്ധതികൾ ആരംഭിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ അവ ഏതെല്ലാം?

ഉത്തരം

(എ) 2011 ജനുവരി മാസത്തിൽ 6 പുതിയ പൊതുഖേലാ യൂണിറ്റുകൾ ആരംഭിച്ചു. ഫെബ്രുവരി മാസത്തിൽ താഴെപ്പറയുന്ന 4 പൊതുമേഖലാ സ്ഥാപനങ്ങളുടെ കീഴിൽ 4 പുതിയ യൂണിറ്റുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

1. Kerala Small Industries Development Corporation Limited.
2. Kerala State Textile Corporation Ltd.
3. Kerala State Industrial Enterprised Limited.
4. Kerala State Bamboo Corporation Ltd.

(ബി) ഈ വ്യവസായങ്ങൾക്ക് മൊത്തം 170 കോടി രൂപയുടെ മുതൽ മുടക്കാണ് കണക്കാക്കിയിരിക്കുന്നത്.

(സി) നേരിട്ട് 1919 തെഴിലവസരങ്ങൾ

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഉണ്ട്. സമഗ്രമായ ആധുനികവൽക്കരണവും നവീകരണവും ഉൾപ്പെടെയുള്ള പുനരുദ്ധാരണ പദ്ധതികൾ നടപ്പിലാക്കിവരുന്ന പ്രധാന സ്ഥാപനങ്ങൾ താഴെ പറയുന്നവയാണ്.

1. Kerala State Textile Corporation Ltd.
2. Travancoer Titanium Products Limited.
3. Kerala State Drugs & Pharmaceuticals Limited.
4. Kerala State Bamboo Corporation Ltd.
5. The Metal Industries Limited.
6. Steel & Industrial Foreigns Limited.
7. Kerala Minerals & Metals Limited.
8. KELTRON Electro Ceramics Limited

ഇത് കൂടാതെ നടപ്പുസാമ്പത്തിക വർഷത്തിൽ താഴെപ്പറയുന്ന 5 പുനരുദ്ധാരണ പദ്ധതികൾ പൂർത്തീകരിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നുണ്ട്.

1. Malabar Spinning & Weaving Mills Limited, KSTC.
2. Trivandrum Spinning Mills.
3. Kerala Soaps Unit.
4. TEXFED.
5. AUTOKAST.

ഹൈ സ്പീഡ് റെയിൽ കോറിഡോർ പ്രോജക്ട് പ്രാവർത്തികമാക്കാനായി സ്വീകരിച്ചിട്ടുള്ള പദ്ധതികൾ

150 (2180) ശ്രീ. അടൂർ പ്രകാശ്:
ശ്രീ. കെ. ശിവദാസൻ നായർ:
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ:
ശ്രീ. എം. എ. വാഹീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഹൈ സ്പീഡ് റെയിൽ കോറിഡോർ പ്രോജക്ട് പ്രാവർത്തികമാക്കാനായി എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly